കേരള സർക്കാർ

## കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

*e-mail: dompm.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം13/3276/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി. 14.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1,3-5 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം13/3276/2016 തിയ്യതി:14.02.2017

മലപ്പുറംജില്ലയിലെ കുറ്റിപ്പുറംഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറംജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 9.5.16 മുതൽ 18.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ.എ.എസ് ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 19.11.16 മുതൽ 1.12..2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : ശ്രീ. അബ്ദുൽ ഗഫൂർ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മൂസ്സ.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. യൂസഫ്.പി | സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി,കെ.കുമാരി | 1.4.2015മുതൽ 31.10.15 വരെ |
| | ശ്രീമതി.വസീമ വെളേരി | 19.11.15മുതൽ 31.3.16 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് സമിതി | 1.11.15 മുതൽ 18.11.15 വരെ |
| സെക്രട്ടറി | ശ്രീ.ഷൈജു വർഗ്ഗീസ് | 1.4.15മുതൽ 29.2.2016FNവരെ |
| | ശ്രീ ഹരി.ജി.എസ്(അസി.സെക്രട്ടറി ഇൻ ചാർജ്ജ്) | 29.2.16 AN മുതൽ 4.3.16 വരെ |
| | ശ്രീ. വി.സുധാകരൻ | 5.3.16 മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.മാത്യു ജോർജ്ജ് | 1.4.15 മുതൽ 31.3.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഗീത.ടി.എം | 1.4.15മുതൽ 16.8.15വരെ |
| | ശ്രീമതി സൈനബ | 17.8.15 മുതൽ 14.10.15 FNവരെ |
| | ശ്രീമതി സഫിയ | 14.10.15 AN മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.എം.കെ ഗോപാലൻ | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ | ശ്രീ.സോമൻ പി | 1.4.15മുതൽ 31.3..16വരെ |
| വെറ്റിനറി സർജൻ | ഡോ.അംഗിരസ് | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.രതകുമാരി | 1.4.15മുതൽ 31.3.16വരെ |

| | | |
|---|---|---|
| (ഹോമിയോ) | | |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.വിജിത് വിജയശങ്കർ | 1.4.15മുതൽ 31.3.16വരെ |
| അസി.സെക്രട്ടറി | ശ്രീ. ഹരി.ജി.എസ് | 1.4.15 മുതൽ 31.3.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ബങ്ക് വാടക - പുനർ ലേല സാധ്യത പരിഗണിച്ചില്ല | 2-1 | |
| 13 | വാടക പിരിച്ചെടുക്കാൻ ശേഷിക്കുന്നു | 2-2 | |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 16 | സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഭക്ഷണ വിൽപന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകി | 2-5 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-6 | |
| 18 | പരസ്യങ്ങൾക്ക് നികുതി ചുമത്തുന്നില്ല | 2-7 | |
| 19 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല | 2-8 | |
| 20 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം | 2-9 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 21 | സപ്ലൈകോ വിലയിലധികം നൽകി ഭക്ഷ്യ വസ്തുക്കൾ നീതി/ സഹകരണ സ്റ്റോറിൽ നിന്ന് വാങ്ങി | 3-1 | |
| 22 | കുറഞ്ഞ വിലയുള്ള ബ്രാന്റിനെ തഴഞ്ഞ് പ്രഷർ കുക്കർ വാങ്ങി | 3-2 | |
| 23 | പത്താം ക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം അപാകതകൾ | 3-3 | |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ പരിശീലനം അപാകതകൾ | 3-4 | |
| 25 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തത് | 3-5 | |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ അപാകതകൾ | 3-6 | |
| 27 | ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു | 3-7 | |
| 28 | IAY വിഹിതം അടവാക്കൽ മുഴുവൻ ഗുണഭോക്താക്കളും എഗ്രിമെന്റ് വെച്ചില്ല | 3-8 | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3-9 | |
| 30 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-10 | |
| 31 | കുടിവെള്ള പദ്ധതി മോട്ടോറിന് അധിക തുക നൽകി | 3-11 | |
| 32 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം | 3-12 | |
| 33 | കുടിവെള്ള പദ്ധതി അറ്റകുറ്റ പണി .അപാകതകൾ | 3-13 | |
| 34 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്.സർക്കാർ നിർദ്ദേശങ്ങൽക്ക് വിരുദ്ധം. തുക തിരിച്ചടവാക്കേണ്ടതാണ് | 3-14 | |
| 35 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-15 | |
| 36 | മരുന്ന് ലഭ്യമായില്ല | 3-16 | |
| | ഭാഗം 4 | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |
| 46 | Audit certificate | Annexure | |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 21.3.15തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28.7.16 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.11.16,23.11.16 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് 2015-16 വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പ്

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിട്ടിട്ടില്ല.(ബാങ്ക് ബുക്കുകൾ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

2.ധനകാര്യവർഷത്തെ സ്റ്റോക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.താഴെപ്പറയുന്ന ഇനങ്ങളുടെ വരവുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തമില്ല

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| D&O | 99510 | 145710 |
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 265280 | 370910 |
| ബസ് സ്റ്റാന്റ് | 490000 | 500000 |

5. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയും,പാട്ടം,കംഫർട്ട് സ്റ്റേഷൻഎന്നിവയുടെ ഡിമാന്റ് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6.ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശിക തൻവർഷവും കുടിശ്ശികയും യഥാക്രമം ₹542,₹16118 ആണ്.എന്നാൽ രജിസ്റ്റർ പ്രകാരം ഇവ ₹1660, ₹396217 ആണ്.

7.D&O ഇനത്തിൽ രജിസ്റ്റർ പ്രകാരം 9290 രൂപ ബാലൻസ് ഉണ്ട്.എന്നാൽ ഈ തുക AFS -ൽ ഉൾപ്പെടുത്തിയിട്ടില്ല.

8.തൊഴിൽ നികുതി (employees) ഇനത്തിൽ രജിസ്റ്റർ പ്രകാരം 53920 രൂപ ബാലൻസ് ഉണ്ട്.എന്നാൽ ഈ തുക AFS -ൽ ഉൾപ്പെടുത്തിയിട്ടില്ല

9.താഴെ പ്പറയുന്ന ഇനങ്ങളുടെ ഡിമാന്റ് (Income &Expenditure stt.) ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തമില്ല.

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| D&O | 157065 | 1550000 |
| തൊഴിൽ നികുതി (employees) | 1988585 | 2042505 |

10.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

11. നിർവ്വഹണോദ്യോഗസ്ഥർ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ നിന്ന് ഈടാക്കിയ VAT.IT,KCWWF എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

12.ഡെപ്പോസിറ്റ് ,അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

13.ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ചുള്ള തുക സാംഖ്യ ACR -ൽ രേഖപ്പെടുത്തിയിട്ടില്ല

14 ബാലൻസ് ഷീറ്റിലെ B 18 ഷെഡ്യൂളിൽ PA 200 രൂപ ഉൾപ്പെടുത്തിയിട്ടില്ല

15.VPFA-II,മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലുള്ള വരവ് തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം | ACRപ്രകാരം |
|---|---|---|
| VPFA-II (a) | 5018493 | 15158168 |
| VPFA- SCP | 4457289 | 7398000 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 739176 | 740000 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 1541905 | 4167000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9034317 | 6198241 |
| ലോക ബാങ്ക് ധനസഹായം | 554497 | 0 |

16 .RP-4, ഷെഡ്യൂളുകളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല
17. പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

18. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 35927130

വരവ് – 78225590

ആകെ – 114152720

ചെലവ് – 102733577

നീക്കിയിരിപ്പ് - 11419143

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1339607 | 15158168 | 3882832 | 20380607 | 10212096 | 10168511 | 50.1 |
| വികസനഫണ്ട് എസ്.സി.പി. | 3161872 | 7398000 | - 84624 | 10475248 | 7517412 | 29557836 | 71.99 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 500000 | 740000 | | 1240000 | 1239176 | 824 | 99.93 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1094805 | 4167000 | | 5261805 | 3093047 | 2168758 | 58.78 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2670079 | 6198241 | -3243711 | 5624609 | 5216974 | 407635 | 95.4 |
| പെർഫോമൻസ് ഗ്രാന്റ് | 4340497 | 0 | -554497 | 3746000 | 3746000 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 13035250 | | 13035250 | 13030154 | 5096 | 99.96 |
| ബി ഫണ്ട് | | 29992610 | | 29992610 | 29992610 | 0 | 100 |

## 1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | | 127 | | 97 | 3 | 56% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2013915 | 4373614 | +2359699 | |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 89825486 | 3811443 | -86014043 | |
| മറ്റുവരവുകൾ | 8060331 | 124153 | -7936178 | |
| ആകെ | 99899732 | 8309210 | 91590522 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 183720 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 1686720 | 262 |
| വിധവാപെൻഷൻ | 13632640 | 1487 |
| വാർദ്ധക്യകാലപെൻഷൻ | 10410030 | 1439 |
| വികലാംഗപെൻഷൻ | 3393820 | 393 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 502680 | 57 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15563 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

അസി.എഞ്ചിനീയർ,വി.ഇ.ഒ,ICDS,അസി.സെക്രട്ടറി എന്നിവർ TR7A ക്യാഷ് ബുക് സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ്, മാസ്റ്റർ ഇൻകുമ്പൻസി, ഓഡിറ്റ് റിക്കവറി എന്നീ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.4.16 - 19.4.16 | 3/16 | 21.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.8.12 - 10.9.12 | 2007-08 to 2011-12 | 11.12.12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബങ്ക് വാടക - പുനർ ലേല സാധ്യത പരിഗണിച്ചില്ല

2014-15 വർഷം 2328 രൂപ പ്രതിമാസ വാടക ലഭിച്ചിരുന്ന 115ാം നമ്പർ ബങ്ക് 2015-16 വർഷം മുതൽ വാടകക്ക് ഏറ്റെടുക്കാൻ തയ്യാറുള്ളവർക്കായി 31.03.2015 ന് ലേലം ചെയ്തിട്ടുണ്ട്.ശ്രീ.അബ്ദുൽ റാഫി എന്നയാൾ ഏറ്റവും ഉയർന്ന നിരക്കായ2100 രൂപയ്ക്ക് ലേലം ചെയ്തതായി ലേല ഡയറി വ്യക്തമാക്കുന്നു. ഒറിജിനൽ ലേല ഡയറി പരിശോധനയ്ക്ക് ലഭ്യമായില്ല. ഫോട്ടോ കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത ലേലം 10.4.2015ലെ IX/2 നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

നിലവിലുള്ള വാടകക്കാരൻ ഒഴിഞ്ഞു പോകുന്നതിനു അപേക്ഷിച്ചതിന്റെയോ വാടകക്കാരനെ ഒഴിപ്പിക്കുന്നതിനു സ്വീകരിച്ച നടപടികളുടെയോ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള വാടകക്കാരനെ 5% വർദ്ധനവോടെ (2445/-)തുടരാൻ അനുവദിക്കാത്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ലഭിക്കുമായിരുന്ന വാടകയിൽ നിന്നും 345 രൂപ കുറഞ്ഞാണ് പുതുതായി ലേലം ചെയ്തിട്ടുള്ളതെങ്കിലും പുനർ ലേല സാധ്യത പരിഗണിച്ചിട്ടില്ലെന്ന് കാണുന്നു.

നിലവിലുള്ള വാടകക്കാരനെ തുടരാനനുവദിക്കാത്തത് സംബന്ധിച്ച് പ്രസ്തുത വാടകക്കാരനെ ബോധ്യപ്പെടുത്തിയ രേഖകൾ

ഹാജരാക്കേണ്ടതിനും , പുനർ ലേല സാധ്യത പരിഗണിക്കാതെ കുറവായ വാടകയ്ക്ക് ഉറപ്പിച്ച് നഷ്ടം വരുത്താൻ ഇടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും 23/30.11.2016 നം. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള വാടകക്കാരനെ അകാരണമായി ഒഴിവാക്കി കുറഞ്ഞ വാടകക്ക് ലേലം ചെയ്ത് വാടകത്തുകയിൽ വരുത്തിയ നഷ്ടം (12x345) 4140/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതും പ്രസ്തുത ബങ്ക് പുനർ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 വാടക പിരിച്ചെടുക്കാൻ ശേഷിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, ബങ്കുകൾ ,ബസ്സ്റ്റാന്റ് വാടകയിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിലും കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമ നടപടികളുൾപ്പെടെയുള്ളവ സ്വീകരിക്കുന്നതിലും മതിയായ ശ്രദ്ധ കാണിക്കുന്നില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്റർ വ്യക്തമാക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് :

1. രാഷ്ട്രീയ സംഘടനകൾ വാടക നൽകാതെ മുറികൾ കൈവശം വെച്ചിരിക്കുന്നു.

   FF2 നമ്പർ മുറി വാടകക്ക് നൽകിയിരിക്കുന്നത് മുസ്ലിം കൾച്ചറൽ സൊസൈറ്റി എന്ന സംഘടനയുടെ പേരിലാണ്. 2015-16 ലെ നിശ്ചയിക്കപ്പെട്ട പ്രതിമാസ വാടക 453 രൂപയാണ്. FF8 നമ്പർ മുറി നൽകിയിരിക്കുന്നത് CPIMലോക്കൽ കമ്മിറ്റി ഓഫീസിനും.നിശ്ചയിക്കപ്പെട്ട പ്രതിമാസ വാടക 389 രൂപ. വാടകയ്ക്ക് പുറമെ ബാധകമായ സേവന നികുതിയും ചുമത്തിയിട്ടുണ്ട്. എന്നാൽ ഇരു സംഘടനകളും തൻ വർഷം യാതൊരു തുകയും വാടകയിനത്തിൽ ഒടുക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ വാടകയും കുടിശ്ശികയാണ്.

2. വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

   രാഷ്ട്രീയ സംഘടനകൾക്ക് പുറമെ GF3,GF7, GF9,GF10,FF6 മുറികൾ വാടകക്കെടുത്തവരും സാമ്പത്തിക വർഷം പൂർത്തിയായ ശേഷവും വാടക തീർത്തടക്കാൻ ശേഷിക്കുന്നവരാണ്. വാടക തീർത്തവരിലും അധിക പേരും കൃത്യമായ സമയക്രമം പാലിച്ച് ഒടുക്കിയിട്ടില്ല.

3. ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

   സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികളെ പോലും ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം.

4. DCBസംക്ഷിപ്തം കൃത്യമല്ല.

   വാടക ഡിമാന്റ് രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് |
|---|---|---|---|---|
| കുടിശ്ശിക | തൻ വർഷം | കുടിശ്ശിക | തൻ വർഷം | |
| 16825 | 462105 | 707 | 461563 | 16660 |

എന്നാൽ 2015-16ലെ വാടക വിവരം പരിശോധിച്ചത് പ്രകാരം തൻ വർഷത്തെ മാത്രം DCB

വിവരം താഴെ കൊടുക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| വാടക | സേവന നികുതി | വൈദ്യുതി കരം | വാടക | സേവന നികുതി | വൈദ്യുതി കരം | വാടക | സേവന നികുതി | വൈദ്യുതി കരം |
| 464712 | 61552 | 6840 | 434045 | 58878 | 6908 | 30734 | 2674 | -68 |

ബങ്കുകൾ

102,114,115,119,126 നമ്പർ ബങ്കുകൾ സാമ്പത്തിക വർഷം പൂർത്തിയായ ശേഷവും കുടിശ്ശിക വരുത്തിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിനകത്ത് ഒടുക്കിയവരിലും സമയക്രമം പാലിക്കാത്തവരാണ് അധികവും. ഉദാ: നമ്പർ117- മെയ് മാസം മുതൽ സെപതംബർ വരെ ഒടുക്കിയത് 16.09.2015ലും ഒക്ടോബർ മുതൽ മാർച്ച് വരെ ഒടുക്കിയത് 23.03.2016ലും .നമ്പർ118- സെപതംബർ മുതൽ മാർച്ച് വരെ ഒടുക്കിയത് 31.03.2016ലാണ്.

കുടിശ്ശിക പെരുകുന്നു.

സാക്ഷ്യപ്പെടുത്തിയ DCB സംക്ഷിപ്തം പ്രകാരം മുൻ വർഷങ്ങളിലെ 358131 രൂപയും തൻ വർഷത്തെ 38086 രൂപയുമുൾപ്പെടെ 396217 രൂപ ആകെ കുടിശ്ശികയുണ്ട്. എന്നാൽ തൻവർഷ വാടക കുടിശ്ശിക വിവരം കൃത്യമല്ലെന്ന് കാണുന്നു.102,114,115,119,126എന്നിവയ്ക്ക്

89,392 രൂപ തൻ വർഷ കുടിശ്ശികയുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് കാണുന്നില്ല.

ബസ് സ്റ്റാന്റ്

മുൻ വർഷത്തെ ബസ് സ്റ്റാന്റ് വാടക കുടിശ്ശിക1,50,000 രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. തുക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം. | അർദ്ധ വർഷം. | റിമാർക്സ്. |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | I & II | |
| 2 | സെന്റർ ഫോർ കംപ്യൂട്ടർ സയൻസ് & ഐ.റ്റി. | I & II | |
| 3 | അമാന മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | I & II | |
| 4 | അഞ്ജലി ഹോമിയോ ക്ലിനിക്ക് | I & II | |
| 5 | എസ്.ബി.ടി. കുറ്റിപ്പുറം | I & II | |
| 6 | പി.എസ്.എൻ .ഓട്ടോ മൊബൈൽസ് | II | |
| 7 | സർവ്വീസ് സഹകരണ ബാങ്ക്, കുറ്റിപ്പുറം | I & II | |
| 8 | ഫെഡറൽ ബാങ്ക് , കുറ്റിപ്പുറം | II | |
| 9 | വസുധ ഗ്യാസ്, കുറ്റിപ്പുറം | I & II | |
| 10 | സൗത്ത് ഇന്ത്യൻ ബാങ്ക്, കുറ്റിപ്പുറം | II | |
| 11 | ശ്രീ ദുർഗ്ഗാ വിദ്യാനികേതൻ സ്കൂൾ | I & II | |

| | | | |
|---|---|---|---|
| 12 | എസ്.ബി.ഐ.,കുറ്റിപ്പുറം | II | |
| 13 | എം.എം.എച്ച്.എസ്, മൂടാൽ | I & II | |
| 14 | ചെമ്പിക്കൻ നഴ്സിംഗ് ഹോം | I & II | |
| 15 | പാരിസൺസ് മില്ലിംഗ് കമ്പനി | I & II | |
| 16 | റെഡെക്സ് പ്രിന്റിംഗ് പ്രസ്സ് | I & II | |
| 17 | ഹോട്ടൽ സൽക്കാര | I & II | |
| 18 | എച്ച്.പി.എൽ ഡീലർ (ബാലൻ&മോഹൻ) | I & II | |
| 19 | കേരഫെഡ് | I & II | |
| 20 | കെ.എം.സി.ടി.ലോ കോളേജ് | I & II | |
| 21 | കെ.എം.സി.ടി. ആർട്സ് കോളേജ് | I & II | ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമാണ് വിവരം ലഭ്യമായത്. |
| 22 | കെ.എം.സി.ടി.പോളി ടെക്നിക് കോളേജ് | I & II | |

പ്രസ്തുത സ്ഥാപനങ്ങളുടെ പരാമർശിക്കപ്പെട്ട തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഇല്ലെങ്കിൽ അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത് സംബന്ധിച്ചും 18 / 30.11.2016 നം.ഓഡിറ്റ് എൻക്വയറി മുഖേന വിവരം ആരാഞ്ഞുവെങ്കിലും ലഭ്യമാക്കിയില്ല.സ്ഥാപനങ്ങളുടെ അർദ്ധ വാർഷിക വരുമാന പത്രിക സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും അർഹമായ നികുതി ചുമത്തി ഈടാക്കേണ്ടതുമാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര്. | സ്ഥാപനം. | അർദ്ധ വർഷം. |
|---|---|---|---|
| 1 | ശ്രീമതി. റൈസ.എ. (ഫിസിക്സ്) | | |
| 2 | ശ്രീമതി.മൈത്രേയി.എൻ (ഇംഗ്ലീഷ്) | | |
| 3 | ശ്രീമതി.ബേബിഷീബ. (സുവോളജി) | ജി.എച്ച്.എസ്.എസ്. പേരശന്നൂർ | II |
| 4 | ശ്രീ.ഉണ്ണികൃഷ്ണൻ.വി.എ.(ബോട്ടണി) | | |
| 5 | ശ്രീമതി. സഫീറ | | |

| | | | |
|---|---|---|---|
| 6 | ശ്രീ.മുഹമ്മദലി (ഓവർസിയർ) | എം.എൻ.ആർ.ഇ.ജി.എസ് | II |
| 7 | ശ്രീ.പ്രവീൺകുമാർ (അക്കൗണ്ടന്റ്&ഡാറ്റാ എന്ട്രി) | | |
| 8 | ശ്രീ.അബ്ദുൽ റാഫി (ഡെയ് ലി വേജ്) | | |
| 9 | വസുധ ഗ്യാസ് സ്ഥാപനത്തിലെ ജീവനക്കാർ | | I & II |
| 10 | കെ.എം.സി.ടി.ലോ കോളേജ് ജീവനക്കാർ | | I & II |
| 11 | കെ.എം.സി.ടി. ആർട്സ് കോളേജ് ജീവനക്കാർ | | I & II |
| 12 | കെ.എം.സി.ടി.പോളി ടെക്നിക് കോളേജ് ജീവനക്കാർ | | I & II |

പ്രസ്തുത ജീവനക്കാരുടെ പരാമർശിക്കപ്പെട്ട തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഇല്ലെങ്കിൽ അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത് സംബന്ധിച്ചും വിവരം ലഭ്യമാക്കേണ്ടതിന് 19 / 30.11.2016 നം. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ജീവനക്കാരിൽ നിന്നും ബാധകമായ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഭക്ഷണ വിൽപന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകി

ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 539 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ ബേക്കറി& കൂൾ ബാർ, ടീ സ്റ്റാൾ, ഹോട്ടൽ എന്നിങ്ങനെ ഭക്ഷണ വിൽപന സ്ഥാപനങ്ങൾ 65 എണ്ണം ഉൾപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങളുടെ അപേക്ഷകളിൽ നിന്ന് 20എണ്ണം പരിശോധിച്ചതിൽ പകുതി അപേക്ഷകളും സാനിറ്റേഷൻ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയാണ്. പ്രസ്തുത സാക്ഷ്യ പത്രം ഹാജരാക്കാത്ത അപേക്ഷകരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്. | സ്ഥാപന തരം. | സ്ഥാപനത്തിന്റെ പേര് . | സ്ഥിതി ചെയ്യുന്നത്. |
|---|---|---|---|---|
| 1 | ശ്രീ. സന്തോഷ്.ടി.പി. | ടീ സ്റ്റാൾ | -- | കുറ്റിപ്പുറം ബസ്സ്റ്റാന്റ് പരിസരം. അമാന ഹോസ്പിറ്റലിനു സമീപം |
| 2 | ശ്രീ.അഷ്റഫ്.കെ.ടി | ബേക്കറി & കൂൾ ബാർ | കിറാമി ബേക്കറി | 1/913G &H |
| 3 | ശ്രീ.ടി.എം.കുഞ്ഞി മുഹമ്മദ്. | കട്ടിമോര്, സംഭാരം(ഡയറി) | മോഡേൺ ഡയറി | 1/714 C |
| 4 | ശ്രീ.ശ്രീനിവാസൻ കെ.എ. | ഹോട്ടൽ | ഹോട്ടൽ ഗണേഷ് ഭവൻ | സിവിൽ സ്റ്റേഷൻ റോഡ് |
| 5 | ശ്രീ.സൈതലവി | ടീ സ്റ്റാൾ | അൽ അമീൻ ടീ സ്റ്റാൾ | ബങ്ക് നം.130,ബസ് സ്റ്റാന്റ് |
| 6 | ശ്രീമതി.ഖൈറുന്നീസ | ഹോട്ടൽ | ചിക്കീസ് | 1/913A. (NHറോഡ്) |
| 7 | ശ്രീ.ശംസുദ്ദീൻ | കഫ്ത്തീരിയ | ചിക്കിംഗ് ഫ്രൈഡ് ചിക്കൻ | 1/913A, (NHറോഡ്) |
| 8 | ശ്രീ.കോമു | ടീ& കൂൾ ഡ്രിംഗ്സ് | -- | 1/590D,റെയിൽ വേ സ്റ്റഷൻ റോഡ് |
| 9 | ശ്രീ.ജയേഷ്.സി | ബേക്കറി & ടീ സ്റ്റാൾ | ഗോപിക ബേക്കറി | 1/714 |
| 10 | ശ്രീ.സി.എച്ച്.അബ്ദുസ്സമദ് | ഹോട്ടൽ, ബേക്കറി&കൂൾ | നാഷനൽ ഹോട്ടൽ | 1/696 |

| | | | | |
|---|---|---|---|---|
| | | ബാർ | | |

പകർച്ച വ്യാധികൾക്കിടയാകാൻ സാധ്യതയുള്ളതിനാൽ മുഴുവൻ ഭക്ഷണ വിൽപന കേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്നത് മാലിന്യ മുക്തമായ അവസ്ഥയിലാണെന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിന് ആരോഗ്യ വകുപ്പധികൃതർ സാക്ഷ്യപ്പെടുത്തിയ സാനിറ്ററി ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭിച്ച സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം ലൈസൻസ് എടുക്കാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 07/ 26.11.2016 മുഖേന വിവരം ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വിവരം ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ഡിമാന്റ് നോട്ടീസ് നൽകി വസ്തു ഉടമകളിൽ നിന്നും നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെന്ന് കരുതുന്നു.

നാളിതു വരെ പെർമിറ്റ് നൽകിയ മുഴുവൻ മൊബൈൽ ടവറുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ബാധകമായ തീയതി മുതൽക്കുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് പിഴ സഹിതം ഈടാക്കുകയും പെർമിറ്റ് നേടാതെ അനധികൃതമായി ഏതെങ്കിലും ടവർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ബാധകമായ വസ്തു നികുതി പിഴ സഹിതം ഈടാക്കുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-7 പരസ്യങ്ങൾക്ക് നികുതി ചുമത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209 ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് നികുതി ചുമത്തി ഈടാക്കാവുന്നതാണ്. 209(ഡി) വകുപ്പനുസരിച്ച് പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം കുത്തകക്ക് നൽകാവുന്നതുമാണ്.

നാഷനൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും കടന്നു പോകുന്ന ഗ്രാമ പഞ്ചായത്ത് പരിധിയിൽ പരസ്യനികുതി ചുമത്തി ഈടാക്കുന്നതിന് നല്ല സാധ്യത നില നിൽക്കുന്നുണ്ട്. പരസ്യ നികുതി സംബന്ധിച്ച മാതൃകാ ബൈലോ പഞ്ചായത്ത് ഡയരക്ടറുടെ 18.05.2005ലെ സി.5-15253/2004 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.പരസ്യനികുതി ഏർപ്പെടുത്തുമ്പോൾ ചുമത്തേണ്ട ഏറ്റവും കുറഞ്ഞ നിരക്ക് സംബന്ധിച്ച് സർക്കാർ ഉത്തരവുള്ളതാണ്. ആയത് കണക്കിലെടുത്ത് ബൈലോ തയ്യാറാക്കേണ്ടതും പരസ്യ നികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ,ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക് ജലവിതരണം എന്നീ സേവനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 2-9 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 8500000 | 2235499 | 6264501 |
| 2 | തൊഴിൽ നികുതി | 6000000 | 235495 | 3640505 |
| 3 | D&O | 350000 | 157065 | 192935 |
| 4 | പെർമിറ്റ് ഫീ | 1700000 | 173461 | 1526539 |
| 5 | വാടക | 4000000 | 2780293 | 1219707 |

ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്.ഡിമാന്റായി ഉൾപ്പെടുത്തുന്നത്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സപ്ലൈകോ വിലയിലധികം നൽകി ഭക്ഷ്യ വസ്തുക്കൾ നീതി/ സഹകരണ സ്റ്റോറിൽ നിന്ന് വാങ്ങി.

ഗ്രാമ പഞ്ചായത്തിലെ 50 അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിരിക്കുന്നത് ആതവനാട് സർവീസ് സഹകരണ ബാങ്കിന്റെ നീതി സ്റ്റോറിൽ നിന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ,ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലകളേക്കാൾ അധികരിക്കാതെ ലഭിക്കുമെങ്കിൽ മാത്രമെ അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ, നീതി/സഹകരണ സറ്റോറുകളിൽ നിന്ന് വാങ്ങാൻ പാടുള്ളൂവെന്ന് 18.11.2010ലെ 62393/ഡി.ബി.2/2010/ത.സ്വ.ഭ.വ. , 04.05.2011ലെ 54814/ഡി.സി.2/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലറുകൾ മുഖേന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ പ്രോജക്റ്റുകൾ പ്രകാരം സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾക്ക് ഭക്ഷ്യ വസ്തുക്കൾ നീതി സറ്റോറിൽ നിന്ന് വാങ്ങിയതിൽ പ്രസ്തുത നിബന്ധന പാലിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബന്ധപ്പെട്ട മാസങ്ങളിലെ വില വിവരപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളുടെ വില വ്യത്യാസ വിവരമാണ് നൽകിയിട്ടുള്ളത്.

പ്രോജക്റ്റ് നം/ പേര് : so 017/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.

ട്രഷറി ബിൽ നം./തീയതി : 01/15-16 /08.10.2015 തുക : 789607 ഫണ്ട് : വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം . :108/ 14.7.2015 , ഡി.ഡി.നം : 394169/ 15.10.2015

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 2 | ചെറു പയർ | 115 | 2500 kg | 287500 | 92 | 230000 | 57500 |
| 5 | ശർക്കര | 55 | 710 kg | 39050 | 39.35 | 27938.5 | 11111.5 |
| 6 | ഉഴുന്ന് പരിപ്പ് | 115 | 128 kg | 14720 | 101 | 12928 | 1792 |
| 8 | വെളിച്ചെണ്ണ | 159 | 190 pack | 30210 | 137.2 | 26068 | 4142 |
| | | ആകെ | | | | | 74545.5 |

ട്രഷറി ബിൽ നം./തീയതി : 03/15-16 /15.12.2015 തുക : 596535 ഫണ്ട് : വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം . :103/ 04.5.2015 , ഡി.ഡി.നം : 548339/ 18.12.2015

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 2 | ചെറു പയർ | 110 | 1075 kg | 118250 | 97 | 104275 | 13975 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ശർക്കര | 58 | 390 kg | 22620 | 46.95 | 18310.5 | 4309.5 |
| 5 | ഉഴുന്ന് പരിപ്പ് | 98 | 58 kg | 5684 | 82 | 4756 | 928 |
| 8 | വെളിച്ചെണ്ണ | 176 | 93 pack | 16368 | 158.76 | 14764.68 | 1603.32 |
| | | ആകെ | | | | | 20815.82 |

പ്രോജക്റ്റ് നം/ പേര് :ടാ 021/16, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.(സബല)

ട്രഷറി ബിൽ നം./തീയതി :04/15-16 / തുക : 231000 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :118/ 29.9.2015 , ഡി.ഡി.നം : 548342/15.12.2015

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 32 | 4285 kg | 137120 | 22 | 94270 | 42850 |
| 2 | ശർക്കര | 49 | 1714 kg | 83988 | 39.5 | 67703 | 16285 |
| | | ആകെ | | | | | 59135 |

പ്രോജക്റ്റ് നം/ പേര് :ടാ 018/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി.)

ട്രഷറി ബിൽ നം./തീയതി :05/15-16 / തുക : 38545 ഫണ്ട് :വികസനഫണ്ട് (എസ്.സി.പി.)

നീതി സ്റ്റോർ ബിൽ നം. :119/ 29.9.2015 , ഡി.ഡി.നം : 548668 /16.01.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 32 | 715 kg | 22880 | 22 | 15730 | 7150 |
| 2 | ശർക്കര | 49 | 286 kg | 14014 | 39.5 | 11297 | 2717 |
| | | ആകെ | | | | | 9867 |

പ്രോജക്റ്റ് നം/ പേര് :ടാ 018/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി.)

ട്രഷറി ബിൽ നം./തീയതി :06/15-16 /14.01.2016 തുക :89690 ഫണ്ട് :വികസനഫണ്ട് (എസ്.സി.പി.)

നീതി സ്റ്റോർ ബിൽ നം. :128/ 01.12.2015 , ഡി.ഡി.നം :548675/16.01.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 34 | 720 kg | 24480 | 22 | 15840 | 8640 |
| 2 | ശർക്കര | 64 | 288 kg | 18432 | 48.1 | 13852.8 | 4579.2 |
| | | ആകെ | | | | | 13219.2 |

പ്രോജക്റ്റ് നം/ പേര് :ടാ 021/16, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.(സബല)

ട്രഷറി ബിൽ നം./തീയതി : 07/15-16 /14.01.2016 തുക :264975 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം . :127/ 01.12.2015 , ഡി.ഡി.നം :548670 /18.01.2016

| ക്രമ | ഇനം | വില | അളവ് | തുക | സപ്ലൈകോ | തുക | അധികം |
|---|---|---|---|---|---|---|---|

| നം. | | (രൂപ) | | (രൂപ) | വില (രൂപ) | (രൂപ) | നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 34 | 4280 kg | 145520 | 22 | 94160 | 51360 |
| 2 | ശർക്കര | 64 | 1712 kg | 109568 | 48.1 | 82347.2 | 27220.8 |
| | | ആകെ | | | | | 78580.8 |

പ്രോജക്റ്റ് നം/ പേര് :ടം 017/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

ട്രഷറി ബിൽ നം./തീയതി : 08/15-16 /14.01.2016 തുക : 541714 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :117/ 29.9.2015 , ഡി.ഡി.നം : 548672/16.01.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | ശർക്കര | 49 | 105 kg | 5145 | 39.5 | 4147.5 | 997.5 |
| 2 | ചെറു പയർ | 115 | 61 kg | 7015 | 80 | 4880 | 2135 |
| 3 | ഉഴുന്ന് പരിപ്പ് | 125 | 56 kg | 7000 | 94 | 5264 | 1736 |
| 4 | വെളിച്ചെണ്ണ | 154 | 148 pack | 22792 | 135.24 | 20015.52 | 2776.48 |
| | | ആകെ | | | | | 7644.98 |

പ്രോജക്റ്റ് നം/ പേര് :ടം 017/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

ട്രഷറി ബിൽ നം./തീയതി : 08/15-16 /14.01.2016 തുക : 541714 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :126/ 01.12.2015 , ഡി.ഡി.നം :548672/16.01.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 2 | ചെറു പയർ | 120 | 300 kg | 36000 | 102 | 30600 | 5400 |
| 4 | ഉഴുന്ന് പരിപ്പ് | 190 | 90 kg | 17100 | 138 | 12420 | 4680 |
| 7 | ശർക്കര | 64 | 670 kg | 42880 | 48.1 | 32227 | 10653 |
| 8 | വെളിച്ചെണ്ണ | 147 | 80 pack | 11700 | 115.64 | 9251.20 | 2448.80 |
| | | ആകെ | | | | | 23181.8 |

പ്രോജക്റ്റ് നം/ പേര് :ടം 018/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി.)

ട്രഷറി ബിൽ നം./തീയതി :11/15-16/ 24.02.16 തുക : ഫണ്ട് :വികസനഫണ്ട് (എസ്.സി.പി.)

നീതി സ്റ്റോർ ബിൽ നം. :141/ 03.02.2016 , ഡി.ഡി.നം :549352/ 17.03.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 35 | 720 kg | 25200 | 24 | 17280 | 7920 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ശർക്കര | 64 | 288 kg | 18432 | 37.7 | 10857.6 | 7574.4 |
| | | ആകെ | | | | | 15494.4 |

പ്രോജക്റ്റ് നം/ പേര് :so 021/16, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.(സബല)

ട്രഷറി ബിൽ നം./തീയതി :12/15-16 / തുക : 269255 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :140/ 03.02.2016 , ഡി.ഡി.നം :549359/17.3.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 35 | 4280 kg | 149800 | 24 | 102720 | 47080 |
| 2 | ശർക്കര | 64 | 1712 kg | 109568 | 37.7 | 64542.4 | 45025.6 |
| | | ആകെ | | | | | 92105.6 |

പ്രോജക്റ്റ് നം/ പേര് :so 017/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

ട്രഷറി ബിൽ നം./തീയതി :13/15-16 /13.3.16 തുക :570198 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :139/ 03.02.2016 , ഡി.ഡി.നം :549759/29.3.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 2 | ചെറു പയർ | 118 | 1285 kg | 151630 | 96 | 123360 | 28270 |
| 4 | ശർക്കര | 64 | 885 kg | 56640 | 37.7 | 33364.5 | 23275.5 |
| 5 | വെളിച്ചെണ്ണ | 132 | 241 pack | 31812 | 104.86 | 25271.26 | 6540.74 |
| 7 | ഉഴുന്ന് പരിപ്പ് | 190 | 204 kg | 38760 | 140 | 28560 | 10200 |
| | | ആകെ | | | | | 68286.24 |

പ്രോജക്റ്റ് നം/ പേര് :so 021/16, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം.(സബല)

ട്രഷറി ബിൽ നം./തീയതി :17/15-16 /28.03.16 തുക : 272110 ഫണ്ട് :വികസനഫണ്ട്

നീതി സ്റ്റോർ ബിൽ നം. :157/ 23.03.2016 , ഡി.ഡി.നം : 549450

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 34 | 4280 kg | 145520 | 24 | 102720 | 42800 |
| 2 | ശർക്കര | 58 | 1712 kg | 99296 | 36.57 | 62607.84 | 36688.16 |
| | | | | | ആകെ | | 79488.16 |

പ്രോജക്റ്റ് നം/ പേര് :S0 018/16, അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി.)

ട്രഷറി ബിൽ നം./തീയതി :18/15-16 /28.03.16 തുക :77086 ഫണ്ട് :വികസനഫണ്ട് (എസ്.സി.പി.)

നീതി സ്റ്റോർ ബിൽ നം. :158/ 23.03.2016 , ഡി.ഡി.നം :549525/05.04.2016

| ക്രമ നം. | ഇനം | വില (രൂപ) | അളവ് | തുക (രൂപ) | സപ്ലൈകോ വില (രൂപ) | തുക (രൂപ) | അധികം നൽകിയ വില (രൂപ) |
|---|---|---|---|---|---|---|---|
| 1 | രാഗി | 34 | 720 kg | 24480 | 24 | 17280 | 7200 |
| 2 | ശർക്കര | 58 | 288 kg | 16704 | 36.67 | 10560.96 | 6143.04 |
| | | ആകെ | | | | | 13343.04 |

13 ബില്ലുകളിലായി 555707.54രൂപ ( 74545.5+20815.82+ 59135+9867+ 13219.2 + 78580.8+ 7644.98+23181.8+15494.4+92105.6+68286.24+79488.16+13343.04)(റൗണ്ട് ചെയ്ത് 555708/- രൂപ) സപ്ലൈകോ വിലയിലധികമായി സഹകരണ നീതി സ്റ്റോറിന് നൽകേണ്ടി വന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം നേരിട്ടിട്ടുണ്ട്. സപ്ലൈകോ വിലവിവരപ്പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ സപ്ലൈകോ സ്റ്റോറുകളിൽ വിൽപന നടത്തുന്നവയുമായ ഇനങ്ങളുടെ വിലകൾ താരതമ്യം ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികം തുക ചെലവഴിച്ച് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.14 /29.11.2016 മുഖേന വിശദീകരണം തേടിയെങ്കിലും ലഭ്യമാക്കിയില്ല. നഷ്ടത്തുക 555708 രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കുറഞ്ഞ വിലയുള്ള ബ്രാന്റിനെ തഴഞ്ഞ് പ്രഷർ കുക്കർ വാങ്ങി

പ്രോജക്റ്റ് നം : S0 022/16 (അംഗനവാടികൾക്ക് പ്രഷർ കുക്കർ വാങ്ങൽ)

ബിൽ നം. : 15/15-16 /28.03.2016, തുക :147,750/- (വികസന ഫണ്ട് ജനറൽ)

ഡി.ഡി.നം. : 549946/31.03.2016

പ്രസ്തുത പ്രോജക്റ്റ് പ്രകാരം 5 ലിറ്ററിന്റെയും 10 ലിറ്ററിന്റെയും 50 എണ്ണം വീതം സൂര്യ ബ്രാന്റ് നെയിമിലുള്ള പ്രഷർ കുക്കറുകൾ വാങ്ങി അംഗനവാടികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പ്രഷർ കുക്കറുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളിൽ 6 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. കുറഞ്ഞ വിലകൾ ക്വാട്ട് ചെയ്ത കൈരളി ബിസിനസ്സ് ഗ്രൂപ്പ്, തവനൂരിന്റെ ടെണ്ടർ തന്നെയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ കൈരളി ബിസിനസ്സ് ഗ്രൂപ്പ്, തവനൂർ 8 ബ്രാന്റ് നെയിമുകളിലുള്ള പ്രഷർ കുക്കറുകളുടെ വില ക്വാട്ട് ചെയ്തിരുന്നു. ആയത് പട്ടികപ്പെടുത്തുന്നു.

| ബ്രാന്റ് നെയിം | 5 ലിറ്റർ വില | 10 ലിറ്റർ വില |
|---|---|---|
| ലക്ഷ്മി | 880 | 1120 |
| സൂര്യ | 970 | 1985 |
| ബാക്ക് മാൻ | 985 | 1980 |
| ദാസ് പാൻ | 1180 | 1680 |
| ചാക് സൺ | 1260 | 1440 |
| ഓറിയന്റ് | 1420 | --- |
| ഹോക്കിൻസ് | 1630 | 2240 |
| പ്രസ്റ്റീജ് | 1670 | 2600 |

ഐ.എസ്.ഐ. അംഗീകാരം ലഭിച്ചതായിരിക്കണം, ഔട്ട് ഡോർ പ്രഷർ കുക്കറായിരിക്കണം, 5 വർഷത്തിൽ കുറയാത്ത ഗ്യാരണ്ടിയുള്ളതായിരിക്കണം എന്നിവയാണ്, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ 14.3.2016 തിയ്യതിയിൽ നൽകിയ സപ്ലൈ ഓർഡറിൽ സ്പെസിഫിക്കേഷൻ കാണിച്ചിരിക്കുന്നത്.ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൈരളി ബിസിനസ്സ് ഗ്രൂപ്പ്, തവനൂർ തങ്ങളുടെ ടെണ്ടറിൽ ക്വാട്ട് ചെയ്ത എല്ലാ ഇനങ്ങളും ഐ.എസ്.ഐ.മാർക്കുള്ളതും ഹെവി ബേസോടുകൂടിയതാണെന്നും 7 മുതൽ 10വരെ വർഷം ഗ്യാരന്റിയുള്ളവയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്വാട്ട് ചെയ്ത വില വിവരപ്രകാരം ലക്ഷ്മി എന്ന ബ്രാന്റാണ് രണ്ട് തരം അളവുകളിലും ഏറ്റവും കുറഞ്ഞ വിലയുള്ളത്. എന്നാൽ 5ലിറ്ററിന്റെ കുക്കർ വാങ്ങിയത് ഏറ്റവും കുറഞ്ഞ വിലയേക്കാൾ തൊട്ടു മുകളിലുള്ളതും 10 ലിറ്റർ കുക്കർ വാങ്ങിയത് കുറഞ്ഞ വിലകളുള്ള 4 ബ്രാന്റുകളെ തഴഞ്ഞുമാണ്.

ഏറ്റവും കുറഞ്ഞ വിലയുള്ള ബ്രാന്റിനെ തഴഞ്ഞതിനാൽ വിലയിൽ വന്ന വ്യത്യാസം താഴെ കൊടുക്കുന്നു..

| കുക്കർ | ലക്ഷ്മി | സൂര്യ | വ്യത്യാസം | ആകെ |
|---|---|---|---|---|
| 5 ലി. | 880 | 970 | 90 x 50 | 4500 |
| 10 ലി. | 1120 | 1985 | 865x 50 | 43250 |
| ആകെ | | | | 47750 |

ടെണ്ടർ നോട്ടീസ് , ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് / പർച്ചേസ് കമ്മിറ്റിയുടെ മിനട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഏറ്റവും കുറഞ്ഞ വിലയുള്ള ബ്രാന്റിനെ തഴഞ്ഞ് പ്രഷർ കുക്കർ വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റ് എൻക്വയറി (നം.01/ 22.11.2016) മുഖേന തേടിയെങ്കിലും ലഭ്യമാക്കിയില്ല. നഷ്ടത്തുക 47750 രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പത്താം ക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം അപാകതകൾ

2015-16 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പത്താംക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (പ്രൊജക്ട് നം S0075/16) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 30 ആൺകുട്ടികൾക്കും 40 പെൺകുട്ടികൾക്കും സൈക്കിൾ വിതരണത്തിനായി വികസനഫണ്ടിൽ നിന്നും 313400 രൂപ ചെലവഴിച്ചിട്ടുണ്ട് (ആൺകുട്ടികൾക്കുള്ള സൈക്കിളിന് 4430 രൂപയും പെൺകുട്ടികൾക്കുള്ളതിന് 4540 രൂപയുമാണ്)(ബിൽ നം. 7/31.3.16)പദ്ധതി പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു

1. സൈക്കിളുകൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതിന് പകരം വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുകയാണ് ചെയതിട്ടുള്ളത്
2. പട്ടികജാതി വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
3. സർക്കാർ ഉത്തരവ് നം. 362/2013/ത.സ്വ.ഭ.വ തി.16.11.2013 സബ്സിഡി മാർഗ രേഖപ്രകാരം പത്താംകാളാസ് വിദ്യാർത്ഥി കൾക്കുമാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.എന്നാൽ ആയത് മറികടന്ന് താഴെപ്പറയുന്ന 4 ഹയർ സെകണ്ടറി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയിട്ടുണ്ട്.

| ക്രമ നം | ലിസ്റ്റിലെ ക്രമ നം | പേര് | ക്ളാസ് |
|---|---|---|---|
| 2 | 9 | ജോബിൻചന്ദ്രൻ | +1 |
| 3 | 10 | വിബിൻ | +1 |
| 15 | 33 | രാജശ്രീ | ഹയർസെക്കന്ററി |
| 20 | 48 | രാധിക | +1 |

അർഹതയില്ലാത്ത ഹയർസെകണ്ടറി വിദ്യാർത്ഥികൾക്ക് സൈക്കിൾ അനുവദിച്ചത് മൂലം 17940 രൂപ അധികചെലവ് വന്നിട്ടുണ്ട് (2x4430+2x4540) തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ് .

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് കംമ്പ്യൂട്ടർ പരിശീലനം അപാകതകൾ

2015-16 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് കംമ്പ്യൂട്ടർ പരിശീലനം (പ്രൊജക്ട് നം S0222/16( 2014-15 spill over) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 53 പട്ടികജാതി വിദ്യാർത്ഥികൾക്ക് കംമ്പ്യൂട്ടർ പരിശീലനം നടത്തിയ തിന് 6 മാസത്തെ സ്റ്റൈപ്പന്റായി പ്രതിമാസം 1000 രൂപ പ്രകാരം 318000(53x1000x6)വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്(ബിൽ നം. 3/19.9.15).

2014-15 -ൽ ആരംഭിച്ച് നടപ്പിലാക്കിയ പദ്ധതിക്ക് 2014-15 -ൽ 354000 രൂപ (59 പേർക്ക് 6000 രൂപ പ്രകാരം MIED മലപ്പുറത്തിന് കോഴ്സ് ഫീ നൽകിയതിന്റെ തുടർച്ച ആയിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.പദ്ധതി പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1. പരിശീലനം നടത്തിയതിന്റെ ഹാജർ പരിശോധിച്ചതിൽ കഷ്ടിച്ച് 4 മാസം മാത്രമാണ് പരിശീലനം നടത്തിയിട്ടുള്ളത്.എങ്ങിനെ യാണ് 6 മാസത്തെ സ്റ്റൈപ്പന്റ് നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്.(2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 കൂടി കാണുക)

2.സർക്കാർ ഉത്തരവ് നം. 362/2013/ത.സ്വ.ഭ.വ തി.16.11.2013 സബ്സിഡി മാർഗ രേഖപ്രകാരം പരിശീലനാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖ 7.10)

പരിശീലനാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദനീയമല്ല എന്ന വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിരിക്കെ ഉത്തരവിനു വിരുദ്ധമായി സ്റ്റൈപ്പന്റ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തത്

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലുള്ള പതിമൂന്ന്കുടിവെള്ള പദ്ധതികൾ നാളിത് വരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടില്ല. ചെലവ് രേഖകൾ പരിശോധിച്ചതിൽ, മേൽ പദ്ധതികളുടെ നടത്തിപ്പിനായി ഓഡിറ്റ് കാലയളവിൽ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജായി രൂപയും 1876094 പമ്പ് ഓപ്പറേറ്റർ വേതനമായി 977520 രൂപയും ചെലവഴിച്ചതായി കാണുന്നു.വിശദ വിവരം ചുവടെ

| മാസം | പമ്പ് ഓപ്പറേറ്റർ വേതനം | വൈദ്യുതി ചാർജജ് |
|---|---|---|
| ഏപ്രിൽ | 87420 | 145257 |
| മേയ് | 84620 | 173062 |
| ജൂൺ | 87420 | 201302 |
| ജൂലായ് | 87600 | 161424 |
| ആഗസ്റ്റ് | 87420 | 136508 |
| സെപ്റ്റംബർ | 83100 | 8547 |
| ഒക്ടോബർ | 75000 | 189534 |
| നവംബർ | 70680 | - |
| ഡിസംബർ | 68400 | 206127 |
| ജനുവരി | 97740 | 255847 |
| ഫെബ്രുവരി | 77500 | 241405 |
| മാർച്ച് | 70620 | 287811 |
| ആകെ | 977520 | 1876094 |

മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് മുൻവർഷ റിപ്പോർട്ടുകളിലെല്ലാം ആവശ്യപ്പെട്ടിട്ടും ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിന്

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ അപാകതകൾ

2015-16 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം SOO75/16) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 100 മേശകളും 100 കസേരകളും വാങ്ങിയതിന് വികസനഫണ്ടിൽ നിന്നും 398000 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം. 5/29.1.16)(മേശ3300x100=330000 +കസേര 680x100=68000 )പദ്ധതി പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു

1.പഠനോപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ അംഗീകരിച്ച കെ.പി.എം സ്റ്റോർ ചെർപ്പുളശ്ശേരിയുടെ ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക മേശക്ക് 3300 രൂപയും കസേരക്ക് 620 രൂപയുമാണ് (620 ക്വാട്ട് ചെയതത് 680 എന്ന് തിരുത്തിയതായി കാണുന്നു) ഭരണസമിതിയുടെ 3.10 2015 ലെ 1(6) തീരുമാനപ്രകാരവും 620 രൂപയാണ് )

2.പഠനോപകരണങ്ങൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതാണെന്നിരിക്കെ അത്തരത്തിൽ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.
ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയത് മൂലം ₹ 6000 (60x 100) അധികം നൽകിയിട്ടുണ്ട് .തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-7 ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു

താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച രേഖകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | ബില്ലിന്റെ വിവരം | ബിൽ/വൗച്ചർ നം .തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | SSA വിഹിതം അടവാക്കിയത് | 27/31.3.2016 | 1000000 | പ്രൊജക്ട് ,വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല |
| 2 | IAY അധിക വിഹിതം അടവാക്കൽ (ജനറൽ) പ്രൊജക്ട് നം.7/16 | 30/31.3.2016 | 860000 | വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 3 | IAY അധിക വിഹിതം അടവാക്കൽ (SCP) പ്രൊജക്ട് നം.7/16 | 31/31.3.2016<br>34/31.3.2016 | 320000<br>80000 | വിനിയോഗസാക്ഷ്യപത്രം ഇല്ല |

ആകെ 2260000

രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 2260000 തടസ്സം ചെയ്യുന്നു

## 3-8 IAY വിഹിതം അടവാക്കൽ മുഴുവൻ ഗുണഭോക്താക്കളും എഗ്രിമെന്റ് വെച്ചില്ല

ഗ്രാമ പഞ്ചായത്തിലെ IAY രജിസ്റ്റർ പരിശോധിച്ചതിൽIAY SCP വിഹിതമായി (പ്രൊജക്ട് നം.7/16) 20 പേർക്കായി 400000 രൂപ നൽകിയിട്ടുണ്ടെങ്കിലും (31/31.3.2016 തുക 320000, 34/31.3.2016 , 80000) 16 പേരാണ് നാളിതുവരെയായും എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 4 പേർ എഗ്രിമെൻറ് വെച്ച് ഭവന നിർമ്മാണം തുടങ്ങാനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം 80000 രൂപ ബ്ളോക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വർഷം കാഷ്ബുക്ക് എഴുതി തയ്യാറാക്കിയിട്ടില്ല. കാഷ് ബുക്ക് ലഭ്യമാക്കണമെന്ന് കാണിച്ച് 8/26.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ കാലയളവിൽ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിരുന്നില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ മറുപടി നൽകിയത്. ഈ വർഷം 99 പ്രവൃത്തികൾ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ ഒരു ദിവസം ഒരു പ്രവൃത്തിയുടെ വിവരം പോലും എഴുതേണ്ടിവരില്ല എന്ന് വ്യക്തമാണ്. അതിന് പോലും സമയമില്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള തികഞ്ഞ അലംഭാവമാണ്. ഒരു പ്രവൃത്തിക്ക് വേണ്ടി പിൻവലിച്ച ട്രഷറി ബില്ലുകളുടെ വിവരം, തനത് ഫണ്ട് ലഭ്യമായതിന്റെ ചെക്ക് നമ്പർ എന്നിവ ഇടർ പരിശോധനകൾക്ക് പലപ്പോഴും ആവശ്യം വരുന്നതാണ്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും TR7Aഫോർമാറ്റിൽ കാഷ് ബുക്ക് എഴുതി സൂക്ഷിക്കണമെന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകൾ ഒരു സബ്സിഡിയറി കാഷ് ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തണമെന്നും 12.4.2006 ലെ GO(MS)177/2006 ഉത്തരവ് മുഖേന സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു നിർവ്വഹണ ഉദ്യോഗസ്ഥന്റെ പണമിടപാട് സംബന്ധിച്ച സുപ്രധാന രേഖയായ കാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-10 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ1/11.5.16 12/18.5.16 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കുകയോ രസീതുകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുക 365798 രൂപ തടസ്സം ചെയ്യുന്നു. കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇൻഫർമേഷൻ കേരള മിഷൻ (IKM) ന്റെ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവ് തുകയുടെ ഒരു ശതമാനം കണക്കാക്കിയാണ് ഈ തുക കണ്ടെത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പ്രവൃത്തികൾ | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം 1% |
|---|---|---|
| 99 | 30836068 | 308361 |

## 3-11 കുടിവെള്ള പദ്ധതി മോട്ടോറിന് അധിക തുക നൽകി.

ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതി പ്രവൃത്തികളുടെ ഭാഗമായി, കേട് വന്ന മോട്ടോറുകൾ മാറ്റി പുതിയത് സ്ഥാപിച്ചതിന് പ്രവൃത്തി കൺവീനർമാർക്ക് 10 HP വരെയുള്ളതിന് 18135/HP നിരക്കിലും തുക അതിന് മുകളിലുള്ളവക്ക് 16325/HPനിരക്കിലും തുക നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോരിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO /SP/333/2011 Pumps പ്രൊസീഡിങ്സ് പ്രകാരം സബ്മേഴ്സിബിൾ പമ്പ്സെറ്റിന് എല്ലാ ആക്സസറീസും (Cost of erection Pipe, flat cable,panel board with all accessories, NR valve, erection charges etc) ഉൾപെടെയാണ് മേൽ പറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. മോട്ടോറിന് പുറമെ സക്ഷൻ പൈപ്പ് കൂടി വാങ്ങിയതിന് പ്രത്യേക നിരക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളിലെല്ലാം നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ കേട് വന്ന മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. മോട്ടോറിന്റെ കൂടെ പൈപ്പ്, കാബിൾ, പാനൽ ബോഡ് എന്നിവയൊന്നും ഈ പ്രവൃത്തിയിൽ ആവശ്യമില്ല എന്നിരിക്കെ ഇത്തരത്തിൽ ഉയർന്ന നിരക്കിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

മറ്റ് അപാകതകൾ.

1.ഈ പ്രവൃത്തികളെല്ലാം ഗുണഭോക്തൃ സമിതി മുഖേനയാണ് ചെയ്തിട്ടുള്ളതെങ്കിലും മോട്ടോർ വാങ്ങിയതിന്റെ ബില്ല്, ചെലവ് വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവയൊന്നും ഫയലിൽ ഇല്ല.

2. മേൽ പരാമർശിച്ച പ്രവൃത്തികളിലെല്ലാം തന്നെ 2-ാം ഇനമായി Suction pipe ന് വേണ്ടി വിവിധ നീളത്തിൽ GI പൈപ്പ് ഉപയോഗിച്ചതിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മുകളിൽ പരാമർശിച്ച പ്രകാരം സബ്മേഴ്സിബിൾ പമ്പ്സെറ്റിന് എല്ലാ ആക്സസറീസും ഉൾപെടെയാണ് 18135/HP രൂപ നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ GI പൈപ്പിന് തുക നൽകിയതും തെറ്റായ നിരക്ക് കണക്കാക്കിയാണ്. GI പൈപ്പിനുള്ള ഡാറ്റയിൽ Earth trenching & refilfling എന്ന ഇനത്തിന് 1.33Man /10M (@ 377/E )നിരക്ക് നൽകിയിട്ടുണ്ട്. സക്ഷൻ പൈപ്പിന് Trenching and back filling ഇല്ലാത്തതിനാൽ @ 377/E നൽകേണ്ടതില്ല.

3. മോട്ടോറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും പഴയ മോട്ടോറുകൾ എന്ത് ചെയ്തു എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബിൽ/തുക | മോട്ടോർ | നൽകിയ തുക | മോട്ടോറിനൊപ്പം വാങ്ങിയ പൈപ്പ് |
|---|---|---|---|---|
| ചെറുകുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി SO 184/16 | 33/13.1.2016<br>499000 | 27.5 HP | 448937.50 | 49M |
| ചെമ്പിക്കൽ കുടിവെള്ള പദ്ധതി SO 191/16 | 54/28.3.2016 | 27.5 HP | 448937.50 | 19M |

| | | | | |
|---|---|---|---|---|
| പറക്കുന്ന് കുടി വെള്ള പദ്ധതി SO 220/16 | 47/28.3.2016 | 10HP | 181350 | 20M |
| ചേലക്കാട് എസ്.സി കോളനി കുടിവെള്ള പദ്ധതി SO 188/16 | 31/13.1.2016 | 1.5HP | 27202.50 | 30M |
| അത്താണിക്കൽ കുടിവെള്ള പദ്ധതി SO 221/16 | 29/31.12.2015 | 10HP | 181350 | 20M |
| ചിങ്ങിലി ബസാർ കുടിവെള്ള പദ്ധതി 192/16 | 34/23.2.2016 | 2HP | 36270 | - |

വിശദീകരണം ആവശ്യപ്പെട്ട് 9/26.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ കാണും പ്രകാരമാണ് മറുപടി നൽകിയത്.

1. കാലപ്പഴക്കം കൊണ്ട് ടി മോട്ടോറുകളുടെ സക്ഷൻ പൈപ്പുകളും, പാനൽ ബോഡും, കേബിളുകളും പുനരുപയോഗത്തിന് സാധിക്കാത്ത വിധത്തിലായിരുന്നു. കൂടാതെ വാട്ടർ അതോരിറ്റിയുടെ മേൽ പരാമർശിച്ച പ്രൊസീഡിങ്സ് പ്രകാരം മോട്ടോറിനൊപ്പം 10M സക്ഷൻ പൈപ്പ്, 10M കേബിൾ, പാനൽ ബോഡ് എന്നിവ മാത്രമാണ ഉൾപെട്ടിട്ടുള്ളത്. കിണറിന്റെ ആഴം കൂടുതലായതിനാലാണ് GI പൈപ്പ് സക്ഷൻ പൈപ്പിനായി വാങ്ങിയത്.

ഈ മറുപടികളെല്ലാം വാസ്തവ വിരുദ്ധമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെല്ലാം മോട്ടോർ മാറ്റുന്നത് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. മറുപടിയിൽ പരാമർശിച്ച പ്രകാരം സക്ഷൻ പൈപ്പ് മുഴുവൻ കേട് വന്നിട്ടുണ്ടെന്നത് ശരിയല്ല. കാരണം മോട്ടോറിനൊപ്പം വാങ്ങിയത് കേവലം ചെറിയ നീളത്തിലുള്ള പൈപ്പുകളാണ്.

2.GI പൈപ്പിന് നിരക്ക് കണക്കാക്കിയതിൽ 1.33 Man നിരക്ക് എർത്ത് ട്രഞ്ചിങ് & റീഫില്ലിങിന് അല്ല കപ്ലിങ്, എറക്റ്റിങ്& ടെസ്റ്റിങ്ങിന് ആണ്.

ഈ മറുപടിയും തെറ്റാണ്. PWD ഷെഡ്യൂൾ ഓഫ് റൈറ്റിൽ 1.33 Man നിരക്ക് എർത്ത് ട്രഞ്ചിങ് & റീഫില്ലിങിന് ആണ് നൽകിയിട്ടുള്ളത്.

3. മോട്ടോറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 3-12 <u>അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം</u>

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 162 പ്രൊജക്റ്റുകൾ തയ്യാറാക്കിയെങ്കിലും 99 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം വാങ്ങിയ പ്രൊജക്റ്റുകളിൽ 38.88% ശതമാനവും നടപ്പിലാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ആകെ 227 പ്രൊജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 52.05%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്റ്റുകൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 56.19% ചെലവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെതാണ്.

ാ ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 3ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. 3 ഓവർസിയർമാരിൽ ഒരാളുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതായിരുന്നു. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർക്കും ഒരു ഓവർസിയർക്കും മറ്റൊരു പഞ്ചായത്തിൽ അധിക ചുമതലയുമുണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴുവൻ പ്രൊജക്റ്റുകളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിനും ഇത് ഇടയാക്കുന്നു. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽകുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 96949130 | ആകെ അടങ്കൽ | 50457239 | 52.05% |
| ചെലവ് | 54343496 | ചെലവ് | 30536068 | 56.19% |

| | | | | |
|---|---|---|---|---|
| ശതമാനം | 69.98% | ശതമാനം | 73.31% | |

## 3-13 കുടിവെള്ള പദ്ധതി അറ്റകുറ്റ പണി .അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണി എന്ന പ്രൊജക്ട് പ്രകാരം വിവിധ പദ്ധതികളുടെ അറ്റകുറ്റപണിക്കായി താഴെ കാണും പ്രാകരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. പ്രവൃത്തിയുടെ ഇനം 4 പ്രകാരം ലിഫ്റ്റിങ് & റീവൈന്റിങ് ചെയ്യുന്നതിനുള്ള തുകയാണ് നൽകിയിട്ടുണ്ട്. എന്നാൽ ഇനം 5 പ്രകാരം മുകളിൽ കാണിച്ച അതേ മോട്ടോറുകൾ ലിഫ്റ്റിങ് & റീ ഇറക്കിങ്ങിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഒരു തവണ മോട്ടോർ ഉയർത്താൻ തുക നൽകിയതിന് പുറമെ വീണ്ടും ഈ ഇനത്തിന് തുക നൽകിയത് തെറ്റാണ്. പ്രവൃത്തിക്കായി നിശ്ചയിച്ച തുകയുടെ ഡാറ്റയും ഫയലിൽ ഇല്ല. ഈ പ്രവൃത്തി നിർവ്വഹിക്കുവാൻ ഗുണഭോക്തൃ സമിതി ക്വട്ടേഷൻ വിളിച്ചതിൻ പ്രകാരം പ്രവൃത്തി നൽകിയത് ശ്രീ പി. മുഹമ്മദാലി എന്ന PWD കോൺട്രാക്ടറാണ്. PWD കോൺട്രാക്ടർ എങ്ങിനെയാണ് ഈ പ്രവൃത്തി നിർവ്വഹിക്കുക എന്ന് വ്യക്തമല്ല.

2. പ്രവൃത്തിയുടെ ഇനം ഇനം 4 e,f,g ആയി വിവിധ പദ്ധതികളുടെ സ്റ്റാർട്ടർ, മെയിൻ സ്വിച്ച് എന്നിവ മാറ്റുന്നതിന് മുകളിലെ പട്ടികയിൽ കാണിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ( മോട്ടോറിന്റെ കുതിര ശക്തി, ഫ്യൂസ് കരിയറിന്റെ തരം തുടങ്ങിയവ) എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. സ്റ്റാർട്ടർ, മെയിൻ സ്വിച്ച്, ഫ്യൂസ് കരിയർ എന്നിവക്കെല്ലാം ഇലക്ട്രിക്കൽ ഷെഡ്യൂളിൽ (Shedule of rate) തുക വ്യക്തമാക്കിയിട്ടുണ്ടെന്നിരിക്കെ വിശദാംശങ്ങളൊന്നും രേഖപ്പെടുത്താതെ LS ആയി തുക വകയിരുത്തിയതിന് ക്രമപ്രകാരമല്ല.

3. പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയതെങ്കിലും സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ, വൗച്ചറുകൾ , മസ്റ്റർ റോൾ എന്നിവയൊന്നും ഫയലിൽ ഇല്ല.

4. ഈ പ്രവൃത്തിയുടെ ബിൽ തുക നൽകിയതിന്റെ രേഖകൾ (ചെക്ക് നമ്പർ, ഡി.ഡി നമ്പർ) എന്നിവയും ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പമ്പ് സെറ്റ് | ചെലവിനം | തുക |
|---|---|---|---|
| മുള്ളൂർകടവ് കുടിവെള്ള പദ്ധതി (62/16) | 30HP | കേട് വന്ന് മോട്ടോർ ലിഫ്റ്റിങ് & റീവൈന്റിങ് | 20000 |
| ,, | 5 HP | ,, | 10000 |
| ,, | ലഭ്യമല്ല | കേട് വന്ന മെയിൻ സ്വിച്ച് & സ്റ്റാർട്ടർ മാറ്റി സ്ഥാപിക്കൽ | 20000 |
| ,, | 30HP | കേട് വന്ന് മോട്ടോർ ലിഫ്റ്റിങ് & റീ ഇറക്കിങ് | 20000 |
| ,, | 5 HP | ,, | 8000 |
| ചെമ്പിക്കൽ കുടിവെള്ള പദ്ധതി (2014-15) | 30HP | കേട് വന്ന് മോട്ടോർ ലിഫ്റ്റിങ് & റീവൈന്റിങ് | 20000 |
| ,, | 30HP | കേട് വന്ന് മോട്ടോർ ലിഫ്റ്റിങ് & റീ ഇറക്കിങ് | 10000 |
| ,, | ലഭ്യമല്ല | കേട് വന്ന മെയിൻ സ്വിച്ച് & സ്റ്റാർട്ടർ മാറ്റി സ്ഥാപിക്കൽ | 7500 |

വിശദീകരണം ആവശ്യപ്പെട്ട് 21/30.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-14 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്.സർക്കാർ നിർദ്ദേശങ്ങൽക്ക് വിരുദ്ധം. തുക തിരിച്ചടവാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്ക് കുറ്റിപ്പുറം ശാഖയിൽ 40233110100115നമ്പറായി അക്കൗണ്ട് ഉണ്ട്. ആയതിൽ പാസ്ബുക്ക് പ്രകാരം 1.9.2016 തീയ്യതിയിൽ 15350 നീക്കിയിരിപ്പുമുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഇപ്രകാരം തുക അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. 12.4.2016 ലെ GO (P)177/06 നമ്പർ ഉത്തരവ് പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പിൻവലിക്കുന്ന തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഒരു മാസത്തിന് ശേഷം തിരിച്ചടവാക്കേണ്ടതാണ്. പ്രസ്തുത തുക എത്രയും വേഗം ബന്ധപ്പെട്ട സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പ്രസ്തുത തുക എത്രയും പെട്ടെന്ന് തിരികെ അടവാക്കുന്നതാണെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

## 3-15 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.പ്രൊജക്ട്. സമഗ്ര നെൽകൃഷി വികസനം (81/16) 1200000 പ്ലാൻ, 87500ഗുണഭോക്തൃ വിഹിതം, 200000 87500ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്.

ബിൽ. 1/25.2.2016 862380.00

ബിൽ. 6/31.3.2016 237432.00

ബിൽ. 8/31.3.2016 29160.00

സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ ഉൾപെടുത്തി കർഷകർക്ക് നെൽകൃഷിക്കുള്ള കൂലി ചെലവിനത്തിൽ 696960 രൂപ നൽകിയിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഈ പദ്ധതി ഗ്രാമ – ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി 60:15:25 അനുപാതത്തിൽ ഫണ്ട് വകയിരുത്തിയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ അത്തരത്തിൽ ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ഫണ്ട് ലഭ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് 15/29.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - കൂലി ചെലവിന്റെ 60% തുക ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകുകയാണ് ചെയ്തത് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഫണ്ടുകൾ വകയിരുത്തിയിരുന്നില്ല എന്നും മറുപടി നൽകി. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 മരുന്ന് ലഭ്യമായില്ല

ബിൽ. 1/17.3.2016 തുക . 200000

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ ( 79/16) എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 200000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ , രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് 16/29.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ആശുപത്രയിൽ ആവശ്യത്തിന് മരുന്ന് സ്റ്റോക്കുള്ളതിനാൽ ഇന്റന്റ് നൽകിയിട്ടില്ല -എന്നാണ് മറുപടി നൽകിയത്. സാമ്പത്തിക വർഷം കഴിഞ്ഞ് എട്ട് മാസം കഴിഞ്ഞിട്ടും ആവശ്യമായ മരുന്ന് സ്റ്റോക്ക് ഉണ്ടെങ്കിൽ ഇത്തരത്തിൽ പ്രൊജക്റ്റ് തയ്യാറാക്കി പണം ചെലവഴിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. ഇത്തരത്തിൽ മുൻകൂട്ടി പണം പിൻവലിക്കുന്നത് 12.4.2016 ലെ GO (P)177/06 നമ്പർ ഉത്തരവിന് വിരുദ്ധമാണ്.

200000 രൂപയുടെ രസീതും, മരുന്നും നാളിത് വരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു. ആവശ്യത്തിന് മരുന്ന് സ്റ്റോക്കുണ്ടായിട്ടും ഈ പദ്ധതി തയ്യാറാക്കിയതിന് വ്യക്തമായ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. പുത്തനത്താണി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21500925 | 8635 | 0 | 8635 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലി. കാർത്തല | 55000 |
| | |
| ആകെ | 55000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30843രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | | 30843 | ജോസ്.എച്ച്.എസ് അസി.എഞ്ചിനീയർ | 11508102452/25.6.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2004-05 | | കളിസ്ഥലം-കൺവീനർക്ക് നൽകിയ അഡ്വാൻസ് | |
| 1998-99 | 48 | 2004-05 | | കുടിവെള്ള പദ്ധതികൾ നിക്ഷേപം | |
| 2011-12 2012-13 | 3(3) | 2014-15 | | മണൽ വാരൽ അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78225590 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102733577 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4140 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 945398 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2855242 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4140 | - | ശ്രീ.ഷൈജു വർഗ്ഗീസ് , സെക്രട്ടറി |
| 3-1 | - | 555708 | ശ്രീമതി. സഫിയ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-2 | - | 47750 | ശ്രീമതി. സഫിയ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-3 | | 17940 | ശ്രീ. ഹരി.ജി.എസ് .അസി.സെക്രട്ടറി |
| 3-4 | | 318000 | ശ്രീ. ഹരി.ജി.എസ് .അസി.സെക്രട്ടറി |
| 3-6 | | 6000 | ശ്രീ. ഹരി.ജി.എസ് .അസി.സെക്രട്ടറി |
| ആകെ | 4140 | 945398 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 2260000 | ശ്രീ. ഹരി.ജി.എസ് .അസി.സെക്രട്ടറി |
| 3-13 | 395242 | ശ്രീ.എം.കെ ഗോപാലൻ ,അസി.എഞ്ചിനീയർ |
| 3-16 | 200000 | ഡോരത്തകുമാരി മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| | 2855242 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ഷൈജു വർഗ്ഗീസ് , സെക്രട്ടറി | സെക്രട്ടറി,പനത്തടി ഗ്രാമ പഞ്ചായത്ത്, കാസറഗോഡ് | മുട്ടമ്പുറത്ത് വീട്,തൊടുപുഴ , ആറക്കുളംപി.ഒ, ഇടുക്കി |
| ശ്രീമതി സഫിയ , ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കുറ്റിപ്പുറം | പാലാറ, വൈക്കത്തൂർ, വളാഞ്ചേരി പി.ഒ. |
| ശ്രീ.ഹരി.ജി.എസ് | അസി.സെക്രട്ടറി കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | ഹരി ഭവൻ തിരുമല തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 | |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 | |
| 1970-71 | എൽ.എഫ്.എം 7/1463/94/ 27-9-94 | 1 | |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 | |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 | |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 | |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 | |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 | |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 | |
| 1984-85 | എൽ . എഫ് എം 7/1832/28-09-94 | 14 | |
| 1985-86 | എൽ . എഫ് എം 7/1833/28-09-94 | 12 | |
| 1986-87 | എൽ . എഫ് എം 7/1834/28-09-94 | 29 | |
| 1987-88<br>1988-89 | എൽ . എഫ് എം 7/1835/28-09-94 | 13 | |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 | |
| 1991-92 | എൽ . എഫ് എം 13/93/08-07-1993 | 14 | |
| 1992-93<br>1993-94<br>1994-95 | എൽ . എഫ് എം 5/722/94 /28-9-94 | 39 | |
| 1995-96 | | | |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 | |

| | | | |
|---|---|---|---|
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 | |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 | |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 | |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06 | 24 | |
| 2002-03<br>വരവ് | എൽ . എഫ് എം 7/ | | |
| 2003-04<br>ചെലവ് | എൽ . എഫ് എം 7/ | 9 | |
| 2004-05<br>ചെലവ് | എൽ . എഫ് എം 7/ | 22 | |
| 2004-05 | എൽ . എഫ് എം 7/ | 23 | |
| 2005-06 | എൽ . എഫ് എം 7/ | 7 | |
| 2006-07 | എൽ . എഫ് എം 7/ | 10 | |
| 2007-08 | എൽ . എഫ് എം 7/13/1224 /2012/2012/16-7-12 | 22 | |
| 2008-09 | എൽ . എഫ് എം 13/1225 /2012/24-7-12 | 27 | |
| 2009-10 | എൽ.എഫ്.എം.13/1226 /12/19-7-12 | 7 | |
| 2010-11 | എൽ.എഫ്.എം13/1767 /2013/23-10-13 | 10 | |
| 2011-12<br>2012-13 | എൽ . എഫ് എം 13/2042/2014<br>16-12-2014 | 25 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.13/1404 /16/12.7.16 | 33 | |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure -1

## Audit certificate

ഓഡിറ്റ് സാക്ഷ്യപത്രം **2015-16**

കെ എസ് എ എം പി എം13/3237/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 14.02.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ **2015-16** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

**AUDIT CERTIFICATE 2015-16**

No. KSAMPM.13/3237/2016

Kerala State Audit Department
District Audit office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date: 14.02.2017

Certified that I have audited the Annual Financial Statement of Kuttippuram Grama panchayath in Malappuram District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kuttippuram Grama panchayath for the year **2015-16** except the observations in My audit report properly presents the picture of income and expenditure.

Deputy Director
Malappuram